പതിനാലാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1582 11.08.2017-ലെ മറുപടിക്ക്

## കെ.എസ്.ആർ.ടി.സി. ട്രിപ്പുകൾ റദ്ദാക്കൽ

ചോദ്യം

ശ്രീ. കെ.ബി.ഗണേഷ് കുമാർ

ഉത്തരം

ശ്രീ. തോമസ് ചാണ്ടി

(ഗതാഗത വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | എണ്ണായിരം രൂപയിൽ കുറഞ്ഞ പ്രതിദിനവരുമാനമുള്ള റൂട്ടുകളിൽ കെ.എസ്.ആർ.ടി.സി. ട്രിപ്പുകൾ റദ്ദാക്കുകയും സർവ്വീസ് തന്നെ ഫലത്തിൽ നിർത്തലാക്കുകയും ചെയ്തുവരുന്നത് നിമിത്തം ജനങ്ങൾ അനുഭവിച്ചുവരുന്ന ബുദ്ധിമുട്ട് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപെട്ടിട്ടില്ല.<br>കെ.എസ്.ആർ.ടി.സി എണ്ണായിരം രൂപയിൽ കുറഞ്ഞ പ്രതിദിനവരുമാനമുള്ള റൂട്ടുകളിൽ ട്രിപ്പുകൾ റദ്ദാക്കുവാനോ, സർവ്വീസ് നിർത്തലാക്കുവാനോ നിർദ്ദേശം നൽകിയിട്ടില്ല. ബസ്സിന്റെയോ ജീവനക്കാരുടെയോ ലഭ്യതയ്ക്കനുസരിച്ച് ചില ദിവസങ്ങളിൽ വിവിധ ഷെഡ്യൂളുകളിൽ ക്രമീകരണം നടത്തുന്നതിനാലാണ് ചില ദിവസങ്ങളിൽ സർവ്വീസ് ലഭ്യമല്ലാതെ വരുന്നത്. അപ്രകാരം ഉണ്ടാകുന്ന ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപ്പെടുമ്പോൾ സാധ്യമായ പരിഹാര നടപടി എടുക്കാറുണ്ട്. |
| (ബി) | ഒരേയൊരു വണ്ടിമാത്രം സർവ്വീസ് നടത്തുന്ന മലയോര പ്രദേശങ്ങളിലെ റൂട്ടുകളിൽപ്പോലും ഇപ്രകാരം ട്രിപ്പ് പുന:ക്രമീകരണം എന്ന പേരിൽ സർവീസ് റദ്ദാക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) | ശ്രദ്ധയിൽപെട്ടിട്ടില്ല.<br>ഒരേയൊരു വണ്ടി മാത്രം സർവ്വീസ് നടത്തുന്ന മലയോര പ്രദേശങ്ങളിൽ സർവ്വീസ് റദ്ദാക്കുവാനുള്ള നടപടി സ്വീകരിച്ചിട്ടില്ല. |
| (സി) | കെ.എസ്.ആർ.ടി.സി.യ്ക്കുമാത്രം സർവ്വീസ് നടത്തുവാൻ അധികാര | (സി) | ദേശസാൽകൃത റൂട്ടുകളിൽ കെ.എസ്.ആർ. ടി.സി ഏറ്റെടുത്തിട്ടുള്ള സർവ്വീസുകൾ കൃത്യ |

| | | | |
|---|---|---|---|
| | മുള്ള ദേശസാൽകൃത റൂട്ടുകളിൽ പ്പോലും ഇത്തരത്തിൽ ട്രിപ്പുകൾ റദ്ദാക്കുകയും സർവ്വീസ് തന്നെ ഫലത്തിൽ നിർത്തലാക്കുകയും ചെയ്യുന്നതുകാരണം പൊതുഗതാഗത സംവിധാനത്തെ ആശ്രയിക്കുന്ന സാധാരണക്കാരൻ അനുഭവിച്ചുവരുന്ന ദുരിതം ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; | | മായി ഓടിച്ചുവരുന്നു. ഇതിൽ ട്രിപ്പുകൾ റദ്ദാക്കുകയോ, സർവ്വീസുകൾ നിർത്തലാക്കുകയോ ചെയ്തിട്ടില്ല. കെ.എസ്.ആർ.ടി.സി ദേശസാൽകൃത റൂട്ടുകളിൽ ജനങ്ങൾക്ക് പ്രയോജനകരമാംവിധം ഓടി- കൊണ്ടിരുന്ന സർവ്വീസുകൾ തുടരുകയും മിന്നൽ സർവ്വീസുകളും, സ്ത്രീകൾക്കായി പിങ്ക് ബസ്, ചെയിൻ സർവ്വീസുകൾ എന്നിവ ശക്തിപ്പെടുത്തുകയും പുതിയ അന്തർ സംസ്ഥാന സർവ്വീസുകൾ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. |
| (ഡി) | എങ്കിൽ ഇക്കാര്യത്തിൽ എന്തു പരിഹാരമാണ് വിഭാവന ചെയ്യുന്നത് എന്ന് വ്യക്തമാക്കുമോ? | (ഡി) | ബാധകമല്ല. |

**സെക്ഷൻ ഓഫീസർ**